LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ഒരു പൊതു ഗൈഡ് ലൈൻ

249(956) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെല്ലാ നിർമ്മിതി കേന്ദ്രങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ഒരു പൊതു ഗൈഡ് ലൈൻ ഉണ്ടാക്കണമെന്ന് വനം വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാനം എടുത്തിരുന്നുവോ :

(ബി) ഈ തീരുമാനം ഇതുവരെ നടപ്പാക്കപ്പെട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) എന്തുകൊണ്ടാണ് ഈ തീരുമാനം നടപ്പാക്കപ്പെടാതിരുന്നത് എന്ന കാര്യം വെളിപ്പെടുത്തുമോ ;

(ഡി) ഈ തീരുമാനം നടപ്പാക്കുന്നതിന് എന്ത് അടിയന്തര നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എടുത്തിരുന്നു.

(ബി-ഡി) നിർദ്ദേശം സർക്കാരിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ഭവന നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

250(957) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളാരായാനുദ്ദേശിച്ചുള്ള പഠനങ്ങളെന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ബി) പരമ്പരാഗത നിർമ്മാണ വസ്തുക്കളിൽ നിന്നും വ്യത്യസ്തവും, ഈടും ഉറപ്പും കൂടിയതും ചെലവു കുറഞ്ഞതും സുലഭവുമായ വസ്തുക്കൾ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(സി) ക്രൂഡോയിൽ സംസ്ക്കരിക്കുമ്പോഴുള്ള വേസ്റ്റ് ഭവനനിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്ന സാങ്കേതിക വിദ്യയെക്കുറിച്ച് സർക്കാരിനറിവുണ്ടോ ; അതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആ വഴിക്കുള്ള ഗവേഷണത്തിന് തുടക്കം കുറിക്കുമോ ?